എൻ2/13130/2020/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി. 10/12/2020
ഫോൺ: 0471-2328438
ID – dgescholarshipd@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് 2020-21- നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - ഓൺലൈൻ അപേക്ഷകളുടെ സമർപ്പണം/സൂക്ഷ്മ പരിശോധന - തീയതി ദീർഘിപ്പിച്ചത് - സംബന്ധിച്ച്:-

സൂചന :-
1. ഈ ഓഫീസിലെ എൻ2/13130 /20/ഡി.ജി.ഇ നം. സർക്കുലർ തീയതി 25/08/20
2. ഈ ഓഫീസിലെ എൻ2/13130 (1)/20/ഡി.ജി.ഇ നം. സർക്കുലർ തീയതി 09/09/20
3. ഈ ഓഫീസിലെ എൻ2/7923/20/ഡി.ജി.ഇ നം. സർക്കുലർ തീയതി 25/08/20
4. ഈ ഓഫീസിലെ എൻ2/13130/20/ഡി.ജി.ഇ നം. സർക്കുലർ തീയതി 04/11/20

2020-21 വർഷത്തെ സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിനുള്ള സമയ പരിധി ചുവടെ ചേർക്കും പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതാണ്.

ആയതിൻ പ്രകാരം, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം-മെരിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്) എന്നിവക്കായുള്ള ഫ്രഷ്/റിന്യൂവൽ അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി **2020 ഡിസംബർ 31 വരെ** സമർപ്പിക്കാവുന്നതാണ്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഓൺലൈൻ ആയി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും **2020 ജനുവരി 15 നകം** സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകൻ/പ്രിൻസിപ്പാൾ സൂഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്.

ഓൺലൈനായി ലഭിച്ചിട്ടുള്ള സ്കോളർഷിപ്പ് അപേക്ഷകൾ പൂർണ്ണമായും പ്രഥമാധ്യാപകർ സൂഷ്മ പരിശോധന നടത്തി സമർപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &**
**നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**

**പകർപ്പ് :-**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ ഓഫീസർമാർക്കും
4) എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂൾ പ്രഥമാധ്യാപകർക്കും/പ്രിൻസിപ്പാൾമാർക്കും

} എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്

5) ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര,

} പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.